# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.468 — 11.12.2012 ൽ മറുപടിയ്ക്ക്

## ബസ് ചാർജ്ജ് വർദ്ധനവ്

| ചോദ്യം<br>ശ്രീ. കെ. രാജു | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി |
|---|---|---|
| (എ) ബസ്ചാർജ്ജ് വർദ്ധനവിന്റെ മറവിൽ വിദ്യാർത്ഥികളിൽ നിന്നും ബസുടമകൾ അന്യായമായി ചാർജ്ജ് ഈടാക്കുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വ്യക്തമായ പരാതി ലഭിക്കുന്ന സാഹചര്യത്തിൽ, ഇത്തരം അമിത ചാർജ്ജ് വിദ്യാർത്ഥികളിൽ നിന്നും ഈടാക്കുന്ന ബസ്സുടമകൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കാറുണ്ട്. |
| (ബി) സ്റ്റുഡന്റ് ട്രാവലിംഗ് ഫെസിലിറ്റി കമ്മിറ്റിയുടെ കീഴിൽ വരുന്ന വിഷയങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; പ്രസ്തുത കമ്മിറ്റി കൊല്ലം ജില്ലയിൽ വിളിച്ചു ചേർത്തിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ? | (ബി) | പ്രൈവറ്റ് സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളുടെ കൺസഷൻ കാർഡുകളുടെ വിതരണത്തിന് ചുമതലപ്പെടുത്തിയിട്ടുള്ളത് സ്റ്റുഡന്റ്സ് ട്രാവൽ ഫെസിലിറ്റി കമ്മിറ്റിയെയാണ്. വിദ്യാർത്ഥികളുടെ കൺസഷൻ ആവശ്യത്തിനുള്ള കാർഡുകൾ പ്രിന്റ് ചെയ്ത് ബന്ധപ്പെട്ട ആർ.ടി.ഒ/ ജോയിന്റ് ആർ.ടി.ഒ മാർക്ക് നല്കേണ്ടതും അവർ അത് പ്രൈവറ്റ് സ്ഥാപന മേധാവികൾ വഴി അർഹരായ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യേണ്ടതുമാണ്. അതുപോലെതന്നെ ജില്ലയിലെ വിദ്യാർത്ഥികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ചർച്ച ചെയ്തു പരിഹാരം കാണേണ്ടതും ജില്ലാ കളക്ടർ ചെയർമാനായ ജില്ലാ സ്റ്റുഡന്റ്സ് ട്രാവൽ ഫെസിലിറ്റി കമ്മിറ്റി ആണ്. വിദ്യാർത്ഥികളുടെ കൺസഷൻ കാർഡ് വിതരണവുമായി ബന്ധപ്പെട്ട പരാതികൾ, പ്രൈവറ്റ് ബസ്സുകളിൽ വിദ്യാർത്ഥികളെ കയറ്റുന്നില്ലായെന്നും വിദ്യാർത്ഥികളെ ബസ്സിന് പുറത്ത് ക്യൂ ആയി നിറുത്തിയ ശേഷം മാത്രമേ കയറാൻ അനുവദിക്കുന്നുള്ളൂ എന്നുമുള്ള പരാതികൾ, വിദ്യാർത്ഥികൾ നില്ക്കുന്ന ബസ്സ്റ്റോപ്പുകളിൽ ബസ്സ് നിറുത്തുന്നില്ല, വിദ്യാർത്ഥികൾക്ക് ബസ്സിൽ സീറ്റ് അനുവദിക്കുന്നില്ല, അമിത ചാർജ്ജ് ഈടാക്കുന്നു, ജീവനക്കാർ വിദ്യാർത്ഥികളോട് മോശമായി പെരുമാറുന്നു തുടങ്ങിയുള്ള പരാതികൾ എന്നിവ സ്റ്റുഡന്റ്സ് ട്രാവൽ ഫെസിലിറ്റി കമ്മിറ്റി ചർച്ച ചെയ്ത് പരിഹരിക്കണമെന്ന നിർദ്ദേശം എല്ലാ ജില്ലാ കളക്ടർമാർക്കും ആർ.ടി.ഒ.മാർക്കും നല്കിയിട്ടുണ്ട്. |

| | | |
|---|---|---|
| | | കൊല്ലം ജില്ലയിലെ സ്റ്റുഡന്റ്സ് ട്രാവൽസ് ഫെസിലിറ്റി കമ്മിറ്റിയുടെ യോഗം 22/05/2012, 18/09/2012 എന്നീ തീയതികളിൽ നടത്തുകയും വിദ്യാർത്ഥികളുടെ വിവിധ പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹാരം നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ